ക്കുള്ള ഈ സ്കോളർഷിപ്പ് ഇതേവരെ നൽകിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ സ്കോളർഷിപ്പ് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിൽ 1996-97 വർഷത്തെ സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. 1997-98, 98-99, 99-2000 എന്നീ അദ്ധ്യയനവർഷങ്ങളിലെ സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**89 (1307) സ്കൂൾ മാനേജുമെന്റുകൾ നടത്തിയ ബന്ദ്**

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ആഗസ്റ്റ് 6-ന് ഏതെല്ലാം സ്കൂൾ മാനേജ്മെന്റുകൾ വിദ്യാഭ്യാസ ബന്ദ് നടത്തി;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ ബന്ദിനോടനുബന്ധിച്ച് എത്ര സ്കൂളുകളും, കോളേജുകളും അടച്ചിട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ബന്ദ് നടത്തിയിട്ടില്ല.

**90 (1308) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിൽനിന്നും ജീവനക്കാരിയെ ഒഴിപ്പിച്ച നടപടി**

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിലെ ഡീലക്സ് മുറിയിൽനിന്നും ഇപ്പോഴത്തെ താമസക്കാരിയും രോഗിയുമായ ശ്രീമതി പി. ശാന്തകുമാരിയെ ഒഴിപ്പിച്ച് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ എന്ന ലോ കോളേജ് ലക്ചറർക്ക് പ്രസ്തുത മുറി നൽകുവാൻ ഉത്തരവ് നൽകിയതിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്നാണ് ഇപ്രകാരം ഉത്തരവ് നൽകിയത്;

(സി) കൂടുതൽ സർവ്വീസ് ഉണ്ടായിരുന്നത് ആർക്കാണ്;

(ഡി) ശ്രീമതി പി. ശാന്തകുമാരിയുടെ യഥാർത്ഥ വീടും സ്ഥലവും എവിടെയാണ്; ശ്രീമതി മറിയാമ്മ സെബസ്റ്റ്യന്റെ വീടും സ്ഥലവും എവിടെയാണ്?

LIBRARY ARCHIVES Kerala Legislative Assembly